പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1055 — 13/06/2013 ൽ മറുപടിയ്ക്ക്

## സൗജന്യ യൂണിഫോം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | 2013-2014 അദ്ധ്യയന വർഷം തുടങ്ങിയിട്ടും ഒട്ടുമിക്ക സർക്കാർ/ എയ്ഡഡ് സ്കൂളുകൾക്കും പുസ്തകങ്ങൾ എത്തിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | യഥാസമയം ഇൻഡന്റ് ചെയ്ത എല്ലാ സ്കൂൾ സൊസൈറ്റികളിലും പുസ്തകങ്ങൾ സ്കൂൾ തുറക്കും മുമ്പ് എത്തിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ ചില സൊസൈറ്റികളിൽ കൂലിത്തർക്കത്തെ തുടർന്ന് വിതരണം വൈകിയെങ്കിലും സ്കൂൾ തുറന്ന ആദ്യ ആഴ്ചയിൽത്തന്നെ പുസ്തകങ്ങൾ എത്തിച്ചുകഴിഞ്ഞിട്ടുണ്ട്. |
| ബി) | 2013-2014 അധ്യയന വർഷം എത്ര പുസ്തകങ്ങളാണ് അച്ചടിച്ചത് ; ആയതിന് എന്ത് തുക ചെലവഴിച്ചു ; | (ബി) | 2013-2014 അദ്ധ്യയന വർഷത്തിലെ ഒന്നാം പാദത്തിലേയ്ക്ക് ആവശ്യമായ പുസ്തകങ്ങളുടെ 20,266,200 കോപ്പികളുടെ അച്ചടി പൂർത്തിയായിട്ടുണ്ട്. രണ്ടാം പാദത്തിലേക്ക് ആവശ്യമായ പുസ്തകങ്ങളുടെ അച്ചടി കൂടി പൂർത്തിയായതിനുശേഷം മാത്രമേ ചെലവ് കണക്കാക്കാൻ കഴിയുകയുള്ളു. |
| സി) | സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം കൊടുക്കുന്നതിന് ഒരു നടപടിയും സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിനായി സർക്കാർ എന്ത് തുക മാറ്റി വെച്ചിട്ടുണ്ട് ; നാളിതുവരെ എന്ത് ചെലവായി ; വിശദമാക്കുമോ ; | (സി) | സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 33 കോടി 74 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും സൗജന്യ യൂണിഫോം പദ്ധതി 2013-14 അദ്ധ്യയന വർഷം മുതൽ നടപ്പിൽ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്ത് തുക മാറ്റി വച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (ഡി) | ഉണ്ട്. എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനായി 80 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. |
| ഇ) | സൗജന്യ യൂണിഫോം പദ്ധതിയുടെ പ്രയോജനം എത്ര കുട്ടികൾക്ക് ലഭിക്കും ; വ്യക്തമാക്കുമോ ; | (ഇ) | സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 24,87,013 കുട്ടികൾക്ക് സൗജന്യ യൂണിഫോം പദ്ധതിയുടെ പ്രയോജനം ലഭിക്കും |
| എഫ്) | എത്ര സ്കൂളുകളിൽ പ്രധാനാധ്യാപകരില്ലാതെയാണ് അധ്യയന വർഷം ആരംഭിക്കുന്നത് ; വ്യക്തമാക്കുമോ ; | (എഫ്) | ആകെ 238 ഹൈസ്കൂളികളിൽ പ്രഥമാദ്ധ്യപകരുടെ റിട്ടയർമെന്റ് മൂലം അധ്യയന വർഷാരംഭത്തിൽ പ്രഥമാദ്ധ്യപക തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്. |
| ജി) | ഈ അധ്യയന വർഷം ആരംഭിക്കുമ്പോൾ എത്ര ഡി.ഇ.ഒ. മാരുടെയും എത്ര ഡി.ഡി. മാരുടെയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു ; വ്യക്തമാക്കുമോ ? | (ജി) | ഈ അധ്യയന വർഷാരംഭത്തിൽ സംസ്ഥാനത്ത് റിട്ടയർമെന്റ് മൂലം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ 20 ഉം, വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 7 തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു. |

സെക്ഷൻ ഓഫീസർ